പശ്ചിമഘട്ട വികസന പദ്ധതിയിലെ നീർമറി പ്രദേശങ്ങൾ

142 [2761] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലയിൽ നീർമറി പ്രദേശങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് ഏതൊക്കെ പഞ്ചായത്ത് പ്രദേശങ്ങളെയാണ്;

(ബി) നീർമറി പദ്ധതിക്കായി എത്ര തുക ചെലവഴിച്ചു?

ഉത്തരം

(എ & ബി) സംസ്ഥാനത്തിലെ നീർമറി പ്രദേശങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പഞ്ചായത്ത് പ്രദേശങ്ങളുടെ വിവരങ്ങൾ അനുബന്ധം ആയി വെച്ചിരിക്കുന്നു.† 2004-05 വർഷം നീർത്തട പ്രോജക്ടുകൾക്കായി ജില്ലകളിലേക്ക് 910 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

വെറ്ററിനറി മൊബൈൽ ക്ലിനിക്കൽ യൂണിറ്റുകൾ

143 [2763] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രങ്ങളോ, മൊബൈൽ ക്ലിനിക്കൽ യൂണിറ്റുകളോ, ആരംഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മൊബൈൽ ക്ലിനിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം എങ്ങനെയാണെന്നും, പ്രസ്തുത യൂണിറ്റുകളിൽ നിന്നും കന്നുകാലി കർഷകർക്ക് ലഭിക്കുന്ന ചികിത്സകളെ സംബന്ധിച്ചും വിശദമാക്കുമോ;

(സി) ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കേന്ദ്രങ്ങളിൽ പ്രസ്തുത സേവനങ്ങൾ എപ്പോൾ ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ കെ. എൽ. ഡി. ബോർഡ് മൃഗസംരക്ഷണവകുപ്പുമായി സഹകരിച്ച് "ഗോ സംവർദ്ധിനി" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിലുള്ള 830 എ. ഐ. സെന്ററുകളിൽ ടെലിഫോൺ സൗകര്യവും പുതിയ 100 മൊബൈൽ എ. ഐ. സെന്ററുകൾക്ക് ലൈസൻസ് കെ. എൽ. ഡി. ബി. നൽകുന്നു.

† അനുബന്ധം XIX

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ എ. ഐ. കേന്ദ്രങ്ങളിലും ഇരുചക്ര വാഹനങ്ങളോടു ഘടിപ്പിക്കാവുന്ന രീതിയിൽ പ്രത്യേക റബ്ബർ പാഡിങ്ങോടുകൂടിയ ക്രയിറ്റുകളും ബീജദാനത്തിന് വേണ്ടുന്ന എ. ഐ. ഗൺ, എ. ഐ. ഷീത്ത് മറ്റ് ഉപകരണങ്ങൾ എന്നിവ കൊണ്ടുപോകുന്നതിനുള്ള പ്രത്യേകം തയ്യാർ ചെയ്ത സ്റ്റീൽ ബോക്സ് എന്നിവയും നൽകുന്നു.

(സി) അടുത്ത രണ്ടു മാസത്തോടു കൂടി മേല്പറഞ്ഞ സൗകര്യങ്ങൾ കെ. എൽ. ഡി. ബോർഡ് ഏർപ്പെടുത്തുന്നതാണ്.

"ഗോരക്ഷാ പദ്ധതിയും കുളമ്പുരോഗ പ്രതിരോധവും"

144 [2764] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളമ്പുരോഗത്തിനുള്ള ഗോരക്ഷാ പദ്ധതി നടത്തിപ്പിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഉപയോഗിച്ച മരുന്നിലാണോ, അതോ നടത്തിപ്പി ലാണോ വീഴ്ച വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി & ഡി) ഇല്ല. എങ്കിലും പദ്ധതി നടത്തിപ്പിൽ ചില പോരായ്മകൾ വന്നിട്ടുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ വെളിച്ച ത്തിൽ സർക്കാർ വിദഗ്ദ്ധ സമിതിയെക്കൊണ്ട് അന്വേഷണം നടത്തിക്കുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മൃഗസംരക്ഷണവകുപ്പിലെ ചില ഉദ്യോഗസ്ഥർ തെറ്റിദ്ധാരണാപരമായ ചില വാർത്തകൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കുകയും ടി വർത്തകൾക്ക് കൂടുതൽ പ്രചാരം ലഭിക്കുകയും ചെയ്തതുകൊണ്ട് കർഷകരിൽ ആശങ്കയും ഭീതിയും പടരുകയും കന്നുകാലികളെ കുത്തിവയ്ക്കുന്നതിന് വിമുഖത പ്രകടിപ്പിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ദുഷ്പ്രചരണങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഗോരക്ഷാ പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുവാൻ കഴിയുമായിരുന്നു എന്നതാണ് വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ. സമിതിയുടെ പഠനത്തിൽ നിന്നും വ്യക്തമാക്കപ്പെട്ടിട്ടുള്ളത്

LIBRARY ARCHIVES Kerala Legislative Assembly